11. ഫിലിം നിർമ്മാണം.
12. ഡയമണ്ട് കട്ടിംഗ് ആന്റ് പോളിഷിംഗ്
13. ഖാദി വ്യവസായം
14. കെയിൻ ആന്റ് ബാംബൂ
15. സെക്യൂരിറ്റി സർവ്വീസ്
16. യന്ത്രവൽകൃത മത്സ്യബന്ധന മേഖല
17. എംപ്ലോയ്മെന്റ് ഇൻ പ്രൈവറ്റ് ഹോസ്പിറ്റൽസ് (നോട്ടിഫിക്കേഷൻ രീതിയിൽ പുതുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു)
18. എൽ.പി. ഗ്യാസ് ഏജൻസീസ്

27 (*117) മൺസൂൺകാല ട്രോളിംഗ് നിരോധനം

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ആന്റണി രാജു :

ശ്രീ. പി.സി. ജോർജ് :

ഡോ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൺസൂൺകാല ട്രോളിംഗ് നിരോധിക്കുവാൻ സ്ഥിരം നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

(ബി) ആഴക്കടൽ മത്സ്യബന്ധനം തടയുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് കേന്ദ്രത്തിന്റെ നിലപാട് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) കഴിഞ്ഞകാലങ്ങളിൽ മൺസൂൺകാല ട്രോളിംഗ് നിരോധനത്തിലൂടെ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഇപ്പോൾ ആലോചനയിലില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) 1. കടൽമത്സ്യസമ്പത്തിന്റെ പരിരക്ഷയ്ക്ക് പ്രയോജനപ്പെടുന്നു.

2. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നു.

3. മത്സ്യബന്ധനയാനങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സാധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. പരമ്പരാഗത മത്സ്യത്തൊഴിലാളികളും യന്ത്രവൽകൃത മത്സ്യത്തൊഴിലാളികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കാൻ സാധിക്കുന്നു.

5. മത്സ്യോൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് അനുഭവപ്പെടുന്നു.

28 (*118) തൊഴിലാളി ക്ഷേമനിധി

ശ്രീ. പി. നാരായണൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളി ക്ഷേമനിധികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) ഏതൊക്കെ മേഖലകളിൽ തൊഴിലാളി ക്ഷേമനിധി നടപ്പിലാക്കി; ഈ ഓരോ ക്ഷേമനിധിയിലും എത്രപേർ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) വിവിധ ക്ഷേമനിധികൾ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട ക്ഷേമ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഡി) ഏതൊക്കെ മേഖലകളിലാണ് പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; എത്ര രൂപ വീതമാണ് പെൻഷൻ നൽകുന്നത്; മിനിമം പെൻഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) തൊഴിൽവകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെയും വിപുലപ്പെടുത്തുന്നതിന്റെയും ഭാഗമായി ബോധവൽക്കരണ ക്യാമ്പുകൾ നടത്തി പദ്ധതിയിൻകീഴിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിന് അതാത് ബോർഡ്തലത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. പുതിയ ക്ഷേമപദ്ധതികൾ ബോർഡ് യോഗത്തിൽ ചർച്ചയ്ക്ക് വിധേയമാക്കി സർക്കാർ അംഗീകാരത്തോടുകൂടി നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ, ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുമായും ചെയർമാൻമാരുമായും വിവിധതലങ്ങളിൽ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും ക്ഷേമനിധി ബോർഡുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശവും സഹായവും അവർക്ക് നൽകുകയും ചെയ്തുവരുന്നുണ്ട്.

(ബി) കൈത്തറി, കശുവണ്ടി, നിർമ്മാണം, കള്ളുവ്യവസായം, മോട്ടോർ, അബ്കാരി, ചുമട്ടുതൊഴിലാളി, ഓട്ടോറിക്ഷ തൊഴിലാളി, കൃഷി, തയ്യൽ, ബീഡി-സിഗാർ എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് പ്രത്യേകം ക്ഷേമനിധികളും, ഫാക്ടറികൾ, പ്ലാന്റേഷൻസ്, കടകളും വാണിജ്യസ്ഥാപനങ്ങൾ, കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ, ബാങ്ക് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കായി തൊഴിലാളിക്ഷേമനിധിയും മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ഉൾപ്പെടാത്ത മറ്റെല്ലാ തൊഴിലാളികൾക്കും അസംഘടിത മേഖ

LIBRARY ARCHIVES Kerala Legislative Assembly